# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## എന്നോടൊപ്പമുണ്ടായിരുന്നത് മിഖായേൽ മാലാഖ



5 വർഷം താലിബാൻ തടങ്കലിലായിരുന്ന അമേരിക്കൻ വംശജനായ ഡോക്ടറെ മോചിപ്പിക്കാനുള്ള ഓപ്പറേഷന്റെ തലവനായി നിയോഗിക്കപ്പെട്ടപ്പോൾ അത് ഏറ്റെടുക്കാൻ 36 കാരനായ ബയേഴ്സിനെ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. സ്വന്തം കഴിവിലുള്ള അമിതമായ വിശ്വാസം കൊണ്ടല്ല, മിഖായേൽ മാലാഖ തന്റെ സംരക്ഷണത്തിനെത്തുമെന്ന വിശ്വാസം ബയേഴ്സിന് ഉണ്ടായിരുന്നു.

ഏറെ നേരം നീണ്ട പോരാട്ടത്തിനൊടുവിലാണ് ഡോക്ടർ ദിലീപ് ജോസഫിനെ താലിബാൻ ഭീകരരുടെ തടങ്കലിൽ നിന്നും ബയേഴ്സിന്റെ നേതൃത്വത്തിലുള്ള സംഘം മോചിപ്പിച്ചത്. ബയേഴ്സ് ആയിരുന്നു ഓപ്പറേഷനിലെ താരം. ആ പോരാട്ടം ബയേഴ്സിന്റെ സൈനിക ജീവിതത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിക്കൊടുത്തു. രാജ്യത്തെ ഏറ്റവും വലിയ സൈനിക ബഹുമതിയായ 'മെഡൽ ഓഫ് ഓണർ' പ്രസിഡന്റ് ബറാക്ക് ഒബാമയിൽ നിന്നും ബയേഴ്സ് ഏറ്റുവാങ്ങി.

പുരസ്കാരം വാങ്ങിയതിനു ശേഷമുള്ള ബയേഴ്സിന്റെ പ്രതികരണമാണ് എല്ലാവരേയും അത്ഭുതപ്പെടുത്തിയത്. മിഖായേൽ മാലാഖയാണ് ആ പോരാട്ടത്തിലുടനീളം തന്നോടൊപ്പമുണ്ടായിരുന്നത് എന്നാണ് അദ്ദേഹം സാക്ഷ്യപ്പെടുത്തിയത്. ദൈവത്തിന്റെ മക്കളെ ശത്രുകരങ്ങളിൽ നിന്നും രക്ഷിക്കുന്നത് മിഖായേൽ മാലാഖയാണ് എന്ന അറിവ് കുട്ടിക്കാലത്തു തന്നെ ബയേഴ്സിനുണ്ടായിരുന്നു. മിഖായേൽ മാലാഖയുടെ ചിത്രം എപ്പോഴും തന്റെ പക്കൽ ഉണ്ടാകാറുണ്ടെന്നും മിഖായേൽ മാലാഖയോട് നിരന്തരം പ്രാർത്ഥിക്കാറുണ്ടെന്നും ബയേഴ്സ് പറഞ്ഞു.

കടപ്പാട് : hrudayavayal.com

### വിശുദ്ധ മിഖായേൽ

മാലാഖമാരിൽ പ്രധാനപ്പെട്ടവൻ. ദൈവത്തെപ്പോലെ എന്നാണ് ഈ പേരിന്റെ അർത്ഥം. എല്ലാ തിന്മകളിൽ നിന്നും നമ്മളെ കാത്തുരക്ഷിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം.

ഈ മാലാഖയെപ്പറ്റി ബൈബിളിൽ - ദാനിയേൽ - 10:13, 10:21, 12:1 യൂദാസിന്റെ ലേഖനം - 1:9 വെളിപാടിന്റെ പുസ്തകം - 12:7-9 എന്നിവിടങ്ങളിൽ പ്രദിപാതിക്കുന്നു.

വിശുദ്ധ മിഖായേലിന്റെ ജോലി സാത്താൻ ദൈവമക്കൾക്കെതിരെ അഴിച്ചുവിടുന്ന ഭീകരമായ ആക്രമണങ്ങളിൽ നിന്നു നമ്മളെ സംരക്ഷിക്കുകയാകുന്നു. ദുഷ്ടപ്പിശാചിൽനിന്നും അവന്റെ അപകടരമായ കെണികളിൽ നിന്നും നമ്മളെ മോചിപ്പിക്കുന്നതിന്, തന്റെ മഹാശക്തിയോടെ ഇടപെടുന്നതും സമരത്തിൽ നമ്മളോട്ടുകൂടെ ചേരുന്നതും മുഖ്യദൂതനും സാർവലൗകിക സഭയുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ മിഖായേലാണ്.

സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും സർപ്പത്തോടു പോരാടി. സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധം ചെയ്തു എന്നാൽ, അവർ പരാജിതരായി. അതോടെ സ്വർഗ്ഗത്തിൽ അവർക്ക് ഇടമില്ലാതായി. ആ വലിയ സർവ്വം, സർവ്വലോകത്തെയും വഞ്ചിക്കുന്ന സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതനസർപ്പം, ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ടു; അവനോടുകൂടി അവന്റെ ദൂതന്മാരും ( വെളിപാട് 12:7-9).

എന്റെ ദൂതൻ നിങ്ങളുടെ കൂടെയുണ്ട്. അവൻ നിങ്ങളുടെ ജീവൻ കാത്തു സൂക്ഷിക്കുന്നു ( ബാറൂക്ക് 6:7).